


കൈത്തിരി.കോം

മുല്ലപ്പുഴ കഥ പറയുന്നു!

A TOUCHING STORY
IN THE BACKGROUND OF A
DAM
CONSTRUCTION

# ഹൃദയരക്തം കൊണ്ടൊരു കൈയൊപ്പ്

GLADSON PARAYIL

പെരിയാറിലേക്കൊഴുകിയ മുല്ല നദി, അവൾ സംതൃപ്തയാണ്. താൻ അലിഞ്ഞില്ലാതെയായെങ്കിലും, അറബിക്കടലിലേക്കുള്ള പെരിയാറിന്റെ ഗമനത്തിന് തന്നാലാവത് ഊർജ്ജം പകരുവാനായല്ലോ എന്ന തൃപ്തി.

അപരനുവേണ്ടി നശിക്കുക, പ്രകൃതിയിലെ ഈശ്വര നിയമം, അതവൾ സ്വമനസ്സാ തെരഞ്ഞെടുത്തതുപോലെ. മനോഹരിയായി, കുഞ്ഞോളങ്ങളിൽ മന്ദസ്മിതംപൊഴിച്ച്, ഇരു കരകൾക്കും കുളിര് പകർന്ന് സസ്യശ്യാമളമാക്കിയും, നിഷ്കളങ്കയായ കുസൃതി കുരുന്നിന്റെ കഴുത്തിലെ പച്ച കല്ലുമാല പോലെ സചേതനമായിരുന്നുവല്ലോ ഇതുവരേയും.

മുന്നോട്ട് തെന്നിനീങ്ങിക്കൊണ്ടിരുന്ന അവൾ, പെട്ടന്ന് സ്തബ്ദയായി. പെരിയാറിന്റെ മുഖത്തൊരു വിഷാദ ഛായ. കുഞ്ഞോളങ്ങളും, കുഞ്ഞിക്കിളികളുമില്ല. ആരോ സ്വാഭാവീകമായ ഗമനത്തിനെതിരെ മനപ്പൂർവ്വം ഒഴുക്ക് തടഞ്ഞ്നിർത്തിയിരിക്കുന്നു. പാവം മുല്ല നദി, അവൾക്കൊന്നും മനസ്സിലായില്ല. ഇങ്ങനെ നിശ്ചലമാകുവാനല്ലല്ലോ അവൾ കാതങ്ങൾ സഞ്ചരിച്ച് ഇവിടെവരെയെത്തിയത്. അല്പം കൂടെ മുന്നോട്ട് പോകണമെന്നവൾ നിനച്ചു. മുമ്പോട്ട് പോകുന്തോറും ഒരു പറ്റം മനുഷ്യരുടെ ശബ്ദ കോലാഹലങ്ങളും, പണിയായുധങ്ങളുടെ ശബ്ദവും കൂടുതൽ വ്യക്തമാകുന്നു.



മനുഷ്യ രക്തത്തിന്റെ ചൂടും, സ്വാദും ഈ പെരിയാറ്റിൽ അലിഞ്ഞതുപോലെ.

നിശബ്ദമായിനിന്ന പെരിയാറിന്റെ മാറിലേക്കൊരു നീലപൊൻമാൻ ശിഘ്രഗതിയിൽ ഊളിയിട്ടുയർന്നുവന്നപ്പോൾ ചുണ്ടിൽ ജീവനുവേണ്ടി പിടക്കുന്ന ഒരു ചെറു മത്സ്യം.

മുല്ലയാറ്, പെരിയാറിനോട് ചോദിച്ചു, എന്തേ നീ ഒഴുകാത്തത് ?

മുല്ലേ, നീ കാണുന്നില്ലേ കഴിഞ്ഞ 9 വർഷമായി മനുഷ്യൻ എന്നെ തടഞ്ഞു നിർത്തുകയാണ്. എനിക്കെതിരെ അവർ മതിൽ പണിയുന്നു. ഇതുവരെ അവർക്ക് നഷ്ടമായത് 442 ജന്മങ്ങളാണ്. വെള്ളക്കാരും, സ്വദേശികളുമായ അവരുടെ ദീനരോദനവും, രക്തവും എന്നിൽ പടർന്നിട്ടുണ്ട്. ഭാവിയെ ഞാൻ ഭയപ്പെടുന്നു. ഒരിക്കൽ ഞാനൊരു മനുഷ്യ കുരുതിക്ക് കാരണനാകുമോ ?. എന്നിലുള്ള ശക്തിയെ അവർക്ക് മനസ്സിലായിട്ടില്ലെന്ന് തോന്നുന്നു !.

ബുദ്ധിമാനായ മനുഷ്യന്റെ സ്ഥിരോത്സാഹവും, അത്യദ്ധ്വാനവും കാണാൻ മുല്ല നദി അല്പംകൂടെ മുമ്പിലേക്ക് നീങ്ങി.ആയിരത്തോളം വരുന്ന മണ്ണിന്റെ മക്കൾ വിയർപ്പും, പൊടിയും പുരണ്ട യന്ത്രങ്ങളായി മാറിയിരിക്കുന്നു.

ചുണ്ണാമ്പും, ശർക്കരയും കുഴച്ചെടുക്കുന്ന വലിയ ചക്കുകൾ കറക്കുന്നത് കാളകളാണ്. വലിയ പാറകല്ലുകൾ ആവശ്യാനുസരണം ചതുരങ്ങളായി മാറ്റുന്ന കല്പണിക്കാരുടെ സമൂഹം മറ്റൊരിടത്ത്. അവരുടെ മേലാളന്മാരായി നിയന്ത്രിക്കുന്നതോ, വെള്ളക്കാരായ പട്ടാള മേധാവികൾ.



അതാ, ദൂരത്തുനിന്ന് കാനന പാതയിലൂടെ രാജകീയമായ ഒരു കുതിരവണ്ടി താളാത്മകമായ കുളമ്പടിശബ്ദത്തോടെയടുക്കുന്നു. മുമ്പിലും, പിമ്പിലും ആയുധമേന്തിയ യോദ്ധാക്കളും പല്ലക്ക് വാഹകരും. അവർ കുറെ അടുത്തെത്തിയപ്പോൾ കുതിര വണ്ടി നിർത്തി, അതിൽ നിന്നും വിശാഖം തിരുനാൾ തിരുവിതാംകൂർ മഹാരാജാവിറങ്ങി പിറകിലുള്ള പല്ലക്കിൽ ആസനസ്ഥനായി. നമ്രശിരസ്കരായി നിന്ന പല്ലക്ക് വാഹകർ രാജാവിനെ വഹിച്ചുകൊണ്ട് പണിനടക്കുന്ന അണക്കെട്ടിന്റെ അരികിലേക്കുവന്നു.

അന്ന് തന്നെ ജനറൽ പെന്നി കിക്കും അണക്കെട്ടിന്റെ പുരോഗമനം വില യിരുത്താൻ അവിടെ എത്തിയിട്ടുണ്ട്. അല്പനേരത്തെ ഇരുവരുടേയും സംഭാഷണത്തിലുടനീളം ജനറൽ പെന്നിയുടെ കൈയ്യിൽ പിടിച്ചുനി ന്ന, ഏക മകൻ വിൻസ്റ്റിൻ പെന്നിയെ രാജാവിന് നന്നേ ബോധിച്ചു. വാത്സല്യത്തോടെ ആ കുഞ്ഞിന്റെ നെറുകയിൽ കൈ വെച്ച രാജാവ് അവന്റെ പ്രായം 3 വയസ്സെന്ന് ചോദിച്ച് മനസ്സിലാക്കി.

പിന്നീടവർ 3 പേരുംകൂടെ കുറച്ച് താഴെ നടക്കുന്ന പണി വീക്ഷിക്കുകയാ യിരുന്നു. അതിനിടയിൽ കുഞ്ഞ് വിൻസ്റ്റിന്റെ കണ്ണുകൾ വലിയ കൂറ്റൻ കല്ലുകൾ അടുക്കിയടുക്കിവെക്കാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒരു യന്ത്രത്തിലേക്കും, അത് കൈകൊണ്ട് കറക്കി പ്രവർത്തിപ്പിക്കുന്ന അരോഗ ദൃഢഗാത്രനായ മലയാളിയിലേക്കും തിരിഞ്ഞു. ആ കുഞ്ഞു മനസ്സിലെ ജിജ്ഞാസയുണർന്നു. അവൻ പെന്നിയെ നിർബന്ധിച്ചതി നാൽ അവരിരുവരുംകൂടെ ആ യന്ത്രത്തിനരികിലെത്തി.



വലിയ പൽ ചക്രം തിരിക്കുന്ന ആ മനു ഷ്യന്റെ ശക്തി ക്രമാനുഗതമായി ഏറ്റവും ചെറിയ നാലാമത്തെ പൽ ചക്രത്തി ലേക്കും അതിൽ ഘടിപ്പിച്ചിരിക്കുന്ന ഇരുമ്പ് വടത്തിലേക്കും എത്തുമ്പോ ഴേക്കും 100 ഇരട്ടിയായി മാറുന്നു. അങ്ങനെ വളരെ താഴെയുള്ള ആ കൂറ്റൻ കല്ലുകൾ ഉയർത്തിയെടുക്കുന്നത് വിൻസ്റ്റിൻ നോക്കിനിന്നു.

പെട്ടന്നവൻ ഡാഡിയോടു ചോദിച്ചു. ഡാഡീ ഞാനിതൊന്ന് കറക്കി ഒരു വലിയ കല്ലെടുത്തോട്ടെ. മകനെ മ്ലാനവദ നത്തോടെ കാണാൻ ആഗ്രഹിക്കാത്ത പെന്നി അവന്റെ ആഗ്രഹം സാധിച്ച് കൊടുക്കാനായി ആ യന്ത്രത്തിനരികി ലേക്ക് നീങ്ങി. അങ്ങ് താഴെ വലിയ കല്ലിൽ വടം ചുറ്റുന്നതേയുള്ളൂ. പെന്നി

അത് പ്രവർത്തിപ്പിക്കുന്ന മനുഷ്യനെ അല്പനേരത്തേക്ക് പറഞ്ഞുവിട്ടതിനുശേഷം മകനുമായി അവിടെ നിന്നു. കല്ല് പൊക്കുവാനുള്ള അടയാളം താഴെനിന്നും കണ്ട പെന്നിയും മകനുംകൂടെ ആ യന്ത്രത്തിന്റെ കൂറ്റൻ പൽചക്രം തിരിക്കുവാനായി തുടങ്ങി.

അതാ, ആ വലിയ കല്ല് സാവധാനത്തിൽ ഉയർന്നുവരുന്നു. ഏകദേശം 50 അടി ഉയരത്തിൽ എത്തികാണും. പെട്ടന്ന് വിൻസ്റ്റിന്റെ കാൽ തെറ്റി, കൈ പിടിയിൽനിന്നും തെന്നി പൽചക്രങ്ങൾക്കിടയിലേക്ക് വീണു. മകനെ വീഴ്ചയിൽനിന്ന് രക്ഷിക്കാനായി പെന്നി കറക്കുപിടിയിൽനിന്നും കൈ എടുത്തപ്പോഴേക്കും കല്ലിന്റെ ഭാരം കൊണ്ട് ചക്രങ്ങൾ പിറകിലേക്ക് കറങ്ങി. തന്റെ പൊന്നോമനയുടെ ശരീരം കൂറെക്കൂടെ ചക്രങ്ങൾക്കിടയിൽ ഞെരിഞ്ഞമർന്നു. ഡാഡീ, രക്ഷിക്കണേ എന്ന നിലവിളിയും, ചക്രങ്ങളിൽ പടർന്നിറങ്ങിയ സ്വന്തം മകന്റെ രക്തവും പെന്നികിഷിക്കിന്റെ മനസ്സിലും, കണ്ണിലും ഇരുട്ടുനിറച്ചു.

ചക്രത്തിന്റെ പിടിയിൽനിന്നും കൈയ്യെടുത്ത് മകനെ രക്ഷിക്കുവാൻ മുതിർന്നാൽ പകുതി ഉയരത്തിൽനിന്ന് താഴേക്ക് നിപതിക്കുന്ന കല്ലിനടിയിൽ പെട്ട് കുറഞ്ഞത് 5 പേരെങ്കിലും മരിക്കും. അല്ലെങ്കിൽ ഈ യന്ത്രത്തിന്റെ പിടിയിൽ ആരെങ്കിലും വന്ന് പിടിക്കുന്നതുവരേയും കാത്തിരുന്ന് തന്റെ ഓമന മകന്റെ മരണം കൺമുമ്പിൽ കാണണം. ജീവിതത്തിലെ ഏറ്റവും പ്രയാസമുള്ള തെരഞ്ഞെടുപ്പായിരുന്നു അത്.

ഒടുവിൽ ഹൃദയം തകരുന്ന വേദനയോടെ, ഉറക്കെ കരഞ്ഞുകൊണ്ട് തന്റെ പിഞ്ചു പൈതലിന്റെ ശരീരത്തിന്റെ ചലനവും, ജീവനും കൺമുമ്പിൽ അവസാനിച്ചിട്ടും മറ്റൊരാൾ വന്ന് യന്ത്രപ്പിടിയിൽ അമർത്തുന്നതുവരെ ഒന്നുമറിയാതെ താഴെ നിൽക്കുന്ന 5 മനുഷ്യ ജീവനുവേണ്ടി സ്വന്തം മകനെ പകരമായി മരണ കയത്തിലേക്കുവിട്ടു. വേദന നിറഞ്ഞ മകന്റെ ദൈന്യതയാർന്ന മിഴികളിൽ, ഡാഡി ആ യന്ത്രത്തിന്റെ കൈപ്പിടിവിട്ട് തന്നെ വാരി പുണരും എന്നൊരു പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ താഴെ നിൽക്കുന്നവരുടെ മരണവും, ആ കുടുംബങ്ങളുടെ അനാഥത്വവും തന്റെ മകന്റെ ജീവന് മറുവിലയായി കൊടുക്കേണ്ടിവരുമെന്ന യാഥാർത്ഥ്യം, ഏക മകനെ ഹൃദയം തകരുന്ന വേദനയോടെ കൂർത്ത പൽചക്രങ്ങൾക്കിടയിൽ ഞെരിഞ്ഞമരുവാൻ പെന്നിക്കിഷിക്കിന്റെ മനസാക്ഷി വികാരങ്ങൾക്കതീധമായി നിർബന്ധിക്കുകയായിരുന്നു.

120 വർഷം കഴിഞ്ഞിട്ടും അന്നാട്ടിലെ ജനഹൃദയങ്ങളിൽ പെന്നികിക്ക് എന്ന കൃശഗാത്രനായ വെള്ളക്കാരൻ സ്നേഹത്തിന്റെ മനുഷ്യ ജന്മമാണ്. അടിമകൾക്ക് സമാനമായ തങ്ങളുടെ ജീവിതങ്ങൾക്ക് ബ്രിട്ടീഷ് കോളനിയിൽ, ഒരു ബ്രിട്ടീഷ് ജനറലിൽനിന്നും ലഭിച്ച സമാനതകളില്ലാത്ത സ്നേഹവും, അഗീകാരവുമാണത്.

ഒരുപക്ഷെ, ഇത് വായിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾ മനസ്സിൽ പറയുന്നുണ്ടാകും, ഇതുപോലെ ത്യാഗോജ്ജ്വലമായ, ഉദാത്തമായ സ്നേഹം കണ്ടെത്തുക അസാദ്ധ്യമാണെന്ന്. അങ്ങനെയെങ്കിൽ ഇതിനേക്കാൾ മഹത്വരമായ, സ്നേഹ പ്രേരിതമായ, രക്തവർണ്ണമുള്ള കഥ, അല്ല സംഭവചരിത്രം ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നു.

ഇംഗ്ലണ്ടിന്റെ സംമ്പൽ സമൃദ്ധി വേണ്ടന്ന് വെച്ച്, സ്വന്തമായ സ്വത്തുക്കളെല്ലാം വിറ്റ് നഷ്ടപ്പെടുത്തി, കേരളത്തിൽ അണകെട്ടി തമിഴ്നാടിന്റെ ഊഷരഭൂമിയിൽ ജലസേചനമേകി നന്മചെയ്യാനാഗ്രഹിച്ച പെന്നികിക്കിനെ നമുക്ക് മറക്കാതിരിക്കാം. അപ്പോൾ തന്നെ മനുഷ്യകുലത്തിന്റെ നന്മക്കായി സ്വന്തം ഏക മകനായ യേശുക്രിസ്തുവിനെ രണ്ടായിരം വർഷങ്ങൾക്ക്മുന്നേ ഗോൽഗോഥായിലെ കാൽവറി കുരിശിലെ പൽചക്രങ്ങൾക്കിടയിൽ ഞെരിഞ്ഞമരുവാൻ അനുവദിച്ച സ്നേഹ സമ്പന്നനായ പിതാവാം ദൈവത്തിന്റെ സ്നേഹം നാം കാണാതെപോകരുതേ എന്നപേക്ഷിക്കുന്നു.



യേശുക്രിസ്തുവിന്റെ നിസ്തുല്യത അത് ആ ചരിത്രപുരുഷന്റെ ദൈവത്വത്തിന്റെ തെളിവാണ്. മനുഷ്യവംശത്തോടുള്ള ദൈവകോപത്തിന്റെ കൂറ്റൻ പാറകല്ലിനടിയിൽ ഞെരിഞ്ഞമരേണ്ടിയിരുന്ന നമ്മെ ഓരോരുത്തരേയും രക്ഷിക്കാൻ വേണ്ടിയാണ് ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിനെ ഗോൽഗോഥാ കുന്നിൽ കൊന്നുകളഞ്ഞത്. കുരിശിലെ, എന്റെ പിതാവേ എന്നുള്ള നിലവിളി, ഹൃദയം തകർക്കുന്നതായിരുന്നെങ്കിലും, ആ പ്രിയമകനെ രക്ഷിക്കുവാൻ തുനിയാതെ നമ്മോടുള്ള സ്നേഹത്തിന്റെ കൈപ്പിടിയിൽ മുറുകെപ്പിടിക്കുക മാത്രമാണ് ചെയ്തത്.

ആദി പാപം മൂലം ലക്ഷ്യം തെറ്റി, ദൈവ കോപം പേറുന്ന മനുഷ്യ ജാതിയുടെ യഥാസ്ഥാപനത്തിനായുള്ള ദൈവീക പദ്ധതിയുടെ അനിവാര്യതയിൽ എന്റെ പ്രിയ സുഹൃത്തേ നിങ്ങൾക്ക് സന്ദേഹമുണ്ടോ ?. ദൈവ സ്നേഹത്തിന്റേയും, ദൈവ നീതിയുടേയും തുല്യമായ സമന്വയമാണ് എനിക്കവിടെ കാണുവാൻ കഴിയുന്നത്.

അനുസരണക്കേട്  ചെയ്ത് ദൈവത്തോട് കൊടിയ പാപം ചെയ്ത ആദാം മുതലുള്ള മനുഷ്യന്റെ പാപത്തിന് തക്കതായ ശിക്ഷ, മനുഷ്യനായി പാപമില്ലാതെ അവതരിച്ച യേശുക്രിസ്തു കുരിശിൽ മനസ്സോടെ ഏറ്റെടുക്കുകയായിരുന്നു. ദൈവ നീതിബോധത്തിന് ഭംഗം വരാതെ തന്നെ, പാപികളായ നമ്മെ ആ കൊടിയ ശിക്ഷയിൽനിന്നും ഒഴിവാക്കി സ്നേഹവാനായ ദൈവം മനുഷ്യനോടുള്ള അവാച്യമായ സ്നേഹം പ്രദർശിപ്പിക്കുകയായിരുന്നു.



കാലാതീതനും, സർവ്വജ്ഞാനിയുമായ ദൈവമായ യേശുക്രിസ്തു തന്നെ, നിങ്ങളുടെ എല്ലാ ജന്മ കർമ്മ പാപങ്ങൾക്കും  തക്കതായ ശിക്ഷ, രണ്ടായിരം വർഷങ്ങൾക്കുമുമ്പ് കുരിശിൽ ഏറ്റുവാങ്ങിയതിനാൽ നിങ്ങൾ സ്വതന്ത്രരായിരിക്കുന്നു.

നിങ്ങളുടെ  സ്വർഗ്ഗപ്രാപ്തിക്കായും, നരക തീ പൊയ്കയിൽ നിന്നുള്ള വിടുതലിനായുള്ളതൊക്കേയും ദൈവം തന്നെ ചെയ്ത് തീർത്തിരിക്കുന്നതിനാൽ, ഒരിക്കലും ദൈവസന്നിധിയിൽ ശോഭിക്കാത്ത താങ്കളുടെ നീതിപ്രവൃത്തികളായ കറപുരണ്ട ഉത്തരീയങ്ങൾക്ക് പ്രവേശനമില്ല. പകരം യേശുക്രിസ്തുവിന്റെ സ്നേഹത്തിലും, അതിന്റെ പരസ്യ പ്രദർശനമായ കാൽവരി കുരിശനുഭവവും നിനക്കുവേണ്ടിയായിരുന്നു എന്ന് നീ ഹൃദയംഗമമായി വിശ്വസിക്കുന്നുവോ. എങ്കിൽ നിന്നെ അവൻ രക്ഷയുടെ മനോഹര വസ്ത്രം ധരിപ്പിച്ച് സ്വർഗ്ഗ കവാടങ്ങൾ നിനക്കായി മലർക്കെ തുറന്ന് നിത്യമായ മരണാനന്തര മനോഹര ജീവിതത്തിലേക്കാനയിക്കും.

kaithiri.com



പ്രിയ സുഹൃത്തേ നിങ്ങൾ ഇത് വായിക്കുകയാൽ ജീവിതത്തിൽ ഒഴിഞ്ഞ്മാറാൻ കഴിയാത്ത അനിവാര്യമായ ഒരു തീരുമാനത്തിന്റെ മുമ്പിൽ എത്തപ്പെട്ടിരിക്കുകയാണ്. കാരണം, നിനക്കുവേണ്ടി പിടഞ്ഞ്മരിച്ച യേശു എന്ന മനുഷ്യന്റെ മരണ കുടീരം പാലസ്തീനിൽ ചരിത്രത്തെ നോക്കുകുത്തിയാക്കിക്കൊണ്ട് തുറന്നുകിടക്കുകയാണ്. അവൻ ഇവിടെയില്ല, ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന മാലാഖയുടെ ശബ്ദം അന്തരീക്ഷത്തിൽ വിലയം പ്രാപിച്ച് നിൽക്കുന്നു.

നീ നിന്റെ മിഴികളടച്ച്, ഹൃദയ കണ്ണുകൾ തുറക്കുക. ഉയിർത്തെഴുന്നേറ്റ് നിന്റെ മുമ്പിൽ നിൽക്കുന്ന യേശുവിനെ നോക്കി മനസാക്ഷിയിൽ മന്ത്രിക്കുന്ന ദൈവാത്മാവിന്റെ ശബ്ദത്തിനനുകൂലമായി പ്രതികരിക്കുമോ?. അതേ, യേശുവേ ഞാനും നിന്നെ സ്നേഹിക്കുന്നു എന്ന് അന്തരാത്മാവിൽനിന്നും പറയുമോ?. അവനെ യജമാനനായി ഹൃദയപൂർവ്വം സ്വീകരിച്ച് അവനുവേണ്ടി ജീവിക്കുമോ?.



അതോ, താങ്കൾ ഈ വായിച്ചതൊക്കേയും മതത്തിന്റെ, മനുഷ്യനെ മയക്കുന്ന കറുപ്പിന്റെ പൊടിക്കൈകളാണെന്നുള്ള പിശാചിന്റെ സ്ഥിരം പല്ലവി കേട്ട് സ്നേഹ സമ്പന്നനായ ദൈവത്തെ പിറകിൽ തള്ളി ജീവിത യാത്ര തുടരുകയാണോ?.

മറ്റൊരുത്തനിലും രക്ഷയില്ല സുഹൃത്തേ, ആസന്നമായിരിക്കുന്ന നരക തീയിൽനിന്നും രക്ഷനേടാൻ. പരിശുദ്ധനായ ദൈവത്തിന്റെ സ്വർഗ്ഗ സന്നിധിയിൽ ചെല്ലാൻ, പിരിശുദ്ധിയിൽ തികയാത്ത നീതി പ്രവൃത്തികൾക്കാകും എന്ന് നീ പ്രതീക്ഷിക്കരുതേ.

ഇതാകുന്നു രക്ഷാ ദിവസം, ഇതാകുന്നു സുവിശേഷം. അന്തമായ സ്വയ നീതിയിലും, ആത്മവിശ്വാസത്തിലും ആശ്രയിക്കാതെ ദൈവ കോപത്തിന്റെ അണക്കെട്ട് പൊട്ടുന്നതിനു മുമ്പേ രക്ഷയാകുന്ന യേശുക്രിസ്തു എന്ന പാറയിൽ നീ അഭയം തേടുക.

ദൈവപ്രതിമയായ യേശുക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കാൻ ഈ ലോകത്തിന്റെ ദൈവം (പിശാച്) മനുഷ്യരുടെ മനസ്സ് കുരുടാക്കിയിരിക്കുകയാണ്.

125 വർഷങ്ങൾക്കുമുമ്പ് വിശാഖം തിരുനാൾ മഹാരാജാവ് "ഞാനെന്റെ ഹൃദയ രക്തംകൊണ്ടിതിൽ കൈയ്യൊപ്പ് ചാർത്തുന്നു" എന്ന് തുളുമ്പിയ മിഴികളുമായി പറഞ്ഞുറപ്പിച്ചു എങ്കിൽ സർവ്വാണ്ഢകാരകനായിരിക്കുന്ന ദൈവം തന്നിൽ വിശ്വസിക്കുന്നവരെ തന്റെ അരുമ മക്കളായി ദത്തെടുത്തോളാം എന്ന സ്നേഹത്തിന്റെ കരാറിന് കൈയ്യൊപ്പ് ചാർത്തിയത്, തന്റെ ഓമന പുത്രനായ യേശുക്രിസ്തു കാൽവരി കുരിശിൽ ഒഴുക്കിയ ചുടുനിണം കൊണ്ടാണ്.




താങ്കളുടെ മരണാനന്തര ജീവിതം നരക തീപൊയ്കയിലാണോ, അതോ നിന്നെ സ്നേഹിച്ച് നിനക്ക് വേണ്ടി കാൽവരി കുരിശിൽ പിടഞ്ഞ് മരിച്ച യേശുക്രിസ്തുവിന്റെ കൂടെ സ്വർഗ്ഗത്തിലാണോ എന്നത് നിശ്ചയിക്കപ്പെടുന്നത് സുഹൃത്തിന്റെ വിലയേറിയ ഹൃദയംഗമമായ ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

ആ തീരുമാനം എടുക്കാൻ ദൈവം താങ്കളെ സഹായിക്കുമാറാകട്ടെ.

"കൃപയാലത്രേ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രേ ആകുന്നു, ആരും പ്രശംസിക്കാതിരിക്കാൻ പ്രവൃത്തികളും കാരണമല്ല".



# ഓർമ്മിക്കാൻ ചില സത്യങ്ങൾ

**ബൈബിൾ ദൈവ വചനം**
(1 പത്രോസ് 1.21; 1 തിമോഥിയോസ് 3.16)

**എല്ലാവരും പാപികൾ**
(റോമർ 3.23, 5.12)

**പുണ്യപ്രവൃത്തികൾ ദൈവസന്നിധി യിൽ രക്ഷക്ക് സ്വീകാര്യമല്ല**
(റോമർ 3.20, 8.8)

**യേശുക്രിസ്തുവിന്റെ പാപ പരിഹാര മരണം**
(യെശയ്യാവ് 53.6,7; എബ്രായർ 9.12, 28; 1പത്രോസ് 1.18,19)

**നരകത്തിൽ നിന്നുള്ള രക്ഷ ദൈവദാനം**
(റോമർ 3.24,25; 5.8,9; ഗലാത്യർ 2.13, എഫേസ്യർ 2.8,9)

**രക്ഷ വിശ്വാസത്താൽ**
(അപ്പോ.പ്രവൃത്തി 10.43, 4.12)

**യേശുക്രിസ്തു ആര്**
(ഫിലിപ്യർ 2.6,7; യോഹന്നാൻ 1.29; കൊലോസ്യർ 1.14,15)

**യേശുവിന്റെ മരണം**
(അപ്പോ. പ്രവൃത്തി 3:18; എശയ്യാവ് 53.10; പ്രവൃത്തി 2.23; എബ്രായർ 2.14,15)

**രക്ഷിക്കപ്പെടുവാൻ എന്ത് ചെയ്യണം**
(വെളിപ്പാട് 3.20; റോമർ 4:5, 10.9)

**രക്ഷ അഗണ്യമാക്കരുത്**
(എബ്രായർ 2:3; 10:28,29; യോഹന്നാൻ 12:48)

**രക്ഷിക്കപ്പെട്ടവർ എന്ത് ചെയ്യണം**
(അപ്പോസ്തല പ്രവൃത്തി 2:41,42)

1) സ്നാനം ഏറ്റു. 2) അപ്പോസ്തലന്മാരോടു ചേർന്നു. 3) അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടു. 4) കൂട്ടായ്മ ആചരിച്ചു. 5) അപ്പം നുറുക്കി. 6) പ്രാർത്ഥന കഴിച്ചു.

# ഹൃദയരക്തം കൊണ്ടൊരു കൈയൊപ്പ്

ഗ്ലാഡ്സൺ പാറയിൽ

പ്രിയ സ്നേഹിതരേ,
നമുക്കെല്ലാവർക്കും പരിചിതമായ പുഴയുടെ പശ്ചാത്തലത്തിൽ ഭാവനാ സമ്പന്നമായ ഈ കഥ നിങ്ങൾക്ക് മുൻപിൽ അവതരിപ്പിച്ചത് അതിനു പിന്നിൽ ഒരു സത്യം അവതരിപ്പിക്കുവാൻ വേണ്ടിയാണ്. മനുഷ്യരായ നമുക്ക് ഒരോരുത്തർക്കും പകരം മരിച്ച കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് പറയുവാൻ വേണ്ടിത്തന്നെ... ഈ സത്യത്തോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു എന്നറിയുവാൻ ഞങ്ങൾക്ക് താൽപര്യമുണ്ട്. ദയവായി ഇ-മെയിൽ വിലാസത്തിൽ ബന്ധപ്പെട്ടാലും.

**മലയാളികൾക്കായി മലയാളത്തിൽ!**
**വ്യത്യസ്തമായ ഒരു വെബ് സൈറ്റ് !!**

**കൈത്തിരി.കോം**
**വെളിച്ചത്തിലേക്ക് ഒരു തിരി നാളം**

**ഓഡിയോ, വീഡിയോ, ഇ - ബുക്കുകൾ സൗജന്യമായി ഡൗൺലോഡ് ചെയ്യാം**

www.kaithiri.com
kaithiri.com@gmail.com